(ബി) മത്സ്യത്തൊഴിലാളികളുടെ പാർപ്പിടപ്രശ്നം പരിഹരിക്കുന്നതിന് എന്തെങ്കിലും പദ്ധതി നിലവിലുണ്ടോ; എങ്കിൽ വിശദീകരിക്കുമോ;

(സി) മത്സ്യ തൊഴിലാളി കോളനികളിലെ വീടുകൾ വൈദ്യുതീകരിക്കുന്നതിനും ശുദ്ധജലം എത്തിക്കുന്നതിനും മറ്റ് പ്രാഥമികസൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനും നടപടി സ്വീകരിക്കുമോ?

ഫിഷറീസും സാംസ്ക്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. ടി.കെ. രാമകൃഷ്ണൻ) :

(എ) മത്സ്യ തൊഴിലാളികളുടെ ക്ഷേമത്തിനായി കേരള മത്സ്യ തൊഴിലാളി ക്ഷേമനിധിബോർഡ്, മത്സ്യഫെഡ്, ഫിഷറീസ് വകുപ്പ് എന്നിവ മുഖേന വിവിധ പദ്ധതികൾ നടപ്പിലാക്കി വരുന്നു. വിശദവിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.†

(ബി) മത്സ്യ തൊഴിലാളികളുടെ പാർപ്പിട പ്രശ്നം പരിഹരിക്കുന്നതിനായി താഴെ പറയുന്ന രണ്ടു കേന്ദ്രപദ്ധതികൾ നടപ്പിലാക്കി വരുന്നു.

1. ദേശീയ മത്സ്യ തൊഴിലാളി ക്ഷേമനിധിയുടെ ധനസഹായത്തോടെ ഭവനനിർമ്മാണപദ്ധതി.

2. പത്താം ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരമുള്ള മെച്ചപ്പെട്ട ഭവന നിർമ്മാണപദ്ധതി.

മേൽപ്പറഞ്ഞ രണ്ട് പദ്ധതികൾ പ്രകാരവും തെരഞ്ഞെടുക്കപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി വീടൊന്നിന് 35,000/- രൂപ സൗജന്യമായി നൽകിവരുന്നു. നടപ്പു സാമ്പത്തികവർഷം ഇപ്രകാരം 3857 വീടുകൾ നിർമ്മിക്കുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

(സി) ഇക്കാര്യങ്ങൾക്കായി താഴെ പറയുന്ന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. തീരജ്യോതി പദ്ധതിപ്രകാരം മത്സ്യത്തൊഴിലാളിഭവനങ്ങൾ വൈദ്യുതീകരിക്കുന്നതിനായി വീടൊന്നിന് 1,000/- രൂപ സൗജന്യമായി നൽകിവരുന്നു.

പത്താം ധനകാര്യകമ്മീഷൻ അവാർഡ് പ്രകാരമുള്ള കുടിവെള്ളവിതരണ പദ്ധതി പ്രകാരം, മത്സ്യത്തൊഴിലാളി കോളനികളിൽ കുടിവെള്ളമെത്തിക്കുന്നതിന് 7 കോടി രൂപ ചെലവിൽ ബഹത്തായ ഒരു പദ്ധതി നടപ്പാക്കിവരുന്നു.

24 (*114) എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും

ശ്രീ. ടി.എം. ജേക്കബ് :

ശ്രീ. ആർ. ബാലകൃഷ്ണപ്പിള്ള :

ശ്രീ. ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം സംസ്ഥാനത്ത് എത്ര എഞ്ചിനീയറിംഗ് കോളേജുകളും പോളിടെക്നിക്കുകളും ആരംഭി

---

† അനുബന്ധം-IV.

1116/2010.

LIBRARY ARCHIVES Kerala Legislative Assembly

ച്ചിട്ടുണ്ട്; അവ എവിടെയെല്ലാം ഏതെല്ലാം ഏജൻസികളുടെ മേൽ നോട്ടത്തി ലാണ് ആരംഭിച്ചിട്ടുള്ളത്;

(ബി) ഈ സ്ഥാപനങ്ങളിൽ കുട്ടികൾക്കായി യോഗ്യതാടിസ്ഥാന ത്തിൽ മാത്രമാണ് പ്രവേശനം നൽകുന്നത് എന്ന് അറിയിക്കുമോ;

(സി) കുട്ടികളിൽ നിന്ന് ക്യാപിറ്റേഷൻ ഫീസോ ഡെപ്പോസിറ്റോ വാങ്ങുന്നുണ്ടോ;

(ഡി) ഐ.എച്ച്.ആർ.ഡി. ഇപ്പോൾ നടത്തിവരുന്ന എഞ്ചിനീയറിംഗ് കോളേജുകളിൽ പഠനം പൂർത്തിയാക്കിയ വിദ്യാർത്ഥികൾക്ക് അവരിൽ നിന്ന് വാങ്ങിയ പലിശരഹിത ഡെപ്പോസിറ്റ് തിരികെ നൽകിയിട്ടില്ല എന്ന പരാതി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്തു നടപടികളാണ് സ്വീക രിച്ചിട്ടുള്ളത്;

(ഇ) സഹകരണവകുപ്പ് കേരളത്തിൽ ആരംഭിച്ചതും ആരംഭിക്കാൻ ഉദ്ദേശിക്കുന്നതുമായ എഞ്ചിനീയറിംഗ് കോളേജ് ഉൾപ്പെടെയുള്ള സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് വിദ്യാഭ്യാസവകുപ്പിന്റെ അനുമതി ലഭിച്ചി ട്ടുണ്ടോ;

(എഫ്) സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ തുടങ്ങാൻ സ്വകാര്യ മാനേജ്മെന്റുകൾക്ക് അനുവാദം നൽകാത്തതിന്റെ കാരണം വ്യക്തമാക്കുമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 8 എഞ്ചിനീ യറിംഗ് കോളേജുകളും 13 പോളിടെക്നിക്കുകളും ആരംഭിച്ചിട്ടുണ്ട്. തിരുവന ന്തപുരം, പാലക്കാട്, വയനാട് കോഴിക്കോട് എന്നിവിടങ്ങളിൽ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളും പത്തനംതിട്ട ജില്ലയിലെ കല്ലൂപാറയിൽ ഐ. എച്ച്.ആർ.ഡി.യുടെ മേൽനോട്ടത്തിലും കോഴിക്കോട് ജില്ലയിലെ വടകരയിൽ സഹകരണ അക്കാദമിയുടെ മേൽനോട്ടത്തിലും കൊച്ചിൻ ശാസ്ത്രസാങ്കേ തിക സർവ്വകലാശാലയുടെ കീഴിൽ ആലപ്പുഴ ജില്ലയിൽ പുളിങ്കുന്നിലും മഹാ ത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിൽ തൊടുപുഴയിലും എഞ്ചിനീയറിംഗ് കോളേജുകൾ ആരംഭിച്ചിട്ടുണ്ട്. നെടുമങ്ങാട്, പുനലൂർ, വെച്ചൂച്ചിറ, കടുത്തു രുത്തി, കുമിളി, നെടുംകണ്ടം, ചേലക്കര, മേപ്പാടി, തൃക്കരിപ്പൂർ എന്നിവിടങ്ങ ളിൽ സർക്കാർ തലത്തിലും കല്യാശ്ശേരി, പൈനാവ്, കരുനാഗപ്പള്ളി, തീക്കോയി എന്നിവിടങ്ങളിൽ ഐ.എച്ച്.ആർ.ഡി.യുടെ മേൽനോട്ടത്തിലും പോളിടെക്നിക്കുകൾ ആരംഭിച്ചിട്ടുണ്ട്.

(ബി) പോളിടെക്നിക്കുകളിൽ യോഗ്യതാപരീക്ഷയുടെ മാർക്കിന്റെ അടിസ്ഥാനത്തിലും, എഞ്ചിനീയറിംഗിന് യോഗ്യതാ പരീക്ഷയിൽ നിശ്ചിത ശതമാനം മാർക്ക് നേടുന്നവർക്ക് എൻട്രൻസ് പരീക്ഷയുടെ റാങ്കിന്റെ അടി സ്ഥാനത്തിലും അഡ്മിഷൻ നൽകുന്നു.

(സി) എഞ്ചിനീയറിംഗിന് പേമെന്റ് സീറ്റുകളിൽ പ്രവേശനം ലഭിക്കുന്ന കുട്ടികളിൽ നിന്നും ഒരു ലക്ഷം രൂപ ഡെപ്പോസിറ്റായി സ്വീകരിക്കുന്നുണ്ട്.

(ഡി) ഉണ്ട്. 98-99 അദ്ധ്യയനവർഷത്തിൽ ഐ.എച്ച്.ആർ.ഡി.യുടെ അടൂർ, ചെങ്ങന്നൂർ എന്നീ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും സ്വീക രിച്ച പലിശ രഹിത ഡെപ്പോസിറ്റ് മടക്കി നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

(ഇ) ആരംഭിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് അനുമതി നൽകിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(എഫ്) ഈ പ്രശ്നം പരിഗണനയിലാണ്.

25 (*115) **മരാമത്ത് പണികളും കോൺട്രാക്ടർമാരുടെ കുടിശ്ശികയും**

ശ്രീ. മാമ്മൻ മത്തായി :
ശ്രീ. കെ.എം. മാണി :
ശ്രീ. കെ. നാരായണക്കുറുപ്പ് :
ശ്രീ. തോമസ് ചാഴികാടൻ :
ശ്രീ. സി.എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പൊതുമരാമത്ത് റോഡുകളുടെ അറ്റകുറ്റപ്പണികളുടെ പുരോഗതിയെന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ടാറിന്റെ ക്ഷാമം മൂലം പണികൾ മുടങ്ങിക്കിടക്കുയാണെന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കുമോ;

(ഡി) റബ്ബർ ചേർത്ത ടാർ കൊച്ചി റിഫൈനറിയിൽ ഉല്പാദനം ആരംഭിക്കുകയും അത് പൊതുമരാമത്ത് വകുപ്പിന് ലഭ്യമായിത്തുടങ്ങുകയും ചെയ്തിട്ടുണ്ടോ;

(ഇ) സംസ്ഥാനത്തെ കരാറുകാർക്ക് ഏറ്റവും ഒടുവിലത്തെ കണക്കനുസരിച്ച് റോഡുകളും പാലങ്ങളും കെട്ടിടങ്ങളും ലോക്കൽ വർക്ക്സും, രാജപാതകൾ എന്നീ വിഭാഗങ്ങളിലായി എത്ര തുക കുടിശ്ശികയുണ്ടെന്ന് വെളിപ്പെടുത്തുമോ;

(എഫ്) ഓരോ വിഭാഗത്തിലുമായി എത്ര കോടി രൂപ നാളിതുവരെയായി കുടിശ്ശിക കൊടുത്തു തീർക്കാനുണ്ട്;

(ജി) കോടതി വിധിയുടെ അടിസ്ഥാനത്തിൽ കരാറുകാർക്ക് ഇതുവരെ എന്തു തുക കൊടുത്തു തീർത്തു;

(എച്ച്) ഇപ്രകാരം കുടിശ്ശികയായ തുക എന്നത്തേയ്ക്ക് കൊടുത്തു തീർക്കാൻ ഉദ്ദേശിക്കുന്നു; ഇതിനുവേണ്ടി എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദീകരിക്കാമോ?

വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി (ശ്രീ. പി.ജെ. ജോസഫ്) :

(എ) റോഡുകളുടെ അറ്റകുറ്റപ്പണികൾ ഊർജ്ജിതമായി പുരോഗമിക്കുകയാണ് കുണ്ടും കുഴിയും മിക്കവാറും കഴിഞ്ഞ ഡിസംബർ അവസാനത്തോടെ അടച്ചു കഴിഞ്ഞു.

(ബി&സി) ടാറിന് ദൗർലഭ്യം അനുഭവപ്പെടുന്നുണ്ടെങ്കിലും ടാറിന്റെ അഭാവം മൂലം പണികളൊന്നും മുടങ്ങിക്കിടക്കുന്നില്ല. ടാർ കമ്പനികളുമായി ഇക്കാര്യം ചർച്ച് ചെയ്ത് ആവശ്യമായ ടാറിന്റെ ലഭ്യത ഉറപ്പുവരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ഡി) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly